മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്കാശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നത്

25(2493) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിൽ താലൂക്കാശുപത്രിയായി അപ്ഗ്രേഡ് ചെയ്ത മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, അപ്ഗ്രേഡ് ചെയ്ത് ഇതുവരെ ഉത്തരവ് പുറപ്പെടുവിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്കാശുപത്രിയായി അപ്ഗ്രേഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ ധനവ്യയ നിയന്ത്രണം നിലനിന്നതിനാൽ പരിഗണിച്ചിരുന്നില്ല. പുതിയ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

പേവിഷ ബാധയ്ക്കെതിരെയുള്ള ചികിത്സ

26(2494) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേവിഷ ബാധയ്ക്കെതിരെയുള്ള ചികിത്സയ്ക്കും ക്യാമ്പയിൻ നടത്തുന്നതിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(ബി) 2014 ജനുവരി 1 മുതൽ 2015 ജൂൺ 30 വരെ എത്ര പേർ പേവിഷ ബാധയേറ്റ് ചികിത്സ തേടി എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) 1-4-2014 മുതൽ 31-3-2015 വരെ പേവിഷ വാക്സിൻ വാങ്ങുന്നതിനായി എത്ര രൂപ വകയിരുത്തിയെന്നും ഇതിൽ എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) 2015 മേയ്, ജൂൺ മാസങ്ങളിൽ സർക്കാർ ആശുപത്രികളിൽ പേവിഷബാധിതരെ ചികിത്സിക്കുവാൻ മരുന്ന് ലഭ്യമാക്കാതിരുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly